ഭരണഭാഷ - മാതൃഭാഷ

**ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം**
**പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംങ്ഷൻ, തിരുവനന്തപുരം - 33**
**(ഹാജർ -ജെറോമിക് ജോർജ്ജ് ഐ എ എസ് (ഇൻചാർജ്ജ്))**

നം.ഇ **LRN2-5382/2021** **26-07-2022**

വിഷയം : ജീവനക്കാര്യം : ജീവനക്കാര്യം - ഫെയർ കോപ്പി സൂപ്രണ്ട് തസ്തിക- പൊതു സ്ഥലം മാറ്റം - അന്തിമ മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം :

(1) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 25/02/2017 ലെ സ.ഉ(പി) 3/2017/ഉപഭവ നം സർ.ഉത്തരവ്
(2) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 05/04/2018 ലെ സ.ഉ(കൈ) 10/2018 നം സർ.ഉത്തരവ്
(3) റവന്യൂ (സി) വകുപ്പിന്റെ 26/08/2020 ലെ 2723/20/റവ നം സ.ഉത്തരവ്
(4) ലാൻഡ് റവന്യൂ കമ്മീഷണറുടെ 30/04/2022, 03/06/2022 എന്നീ തീയതികളിലെ LR E1.15700/2018 നമ്പർ സർക്കുലറുകൾ
(5) lrd.kerala.gov.in പോർട്ടലിൽ 15/06/2022 വരെ ലഭിച്ചിട്ടുള്ള അപേക്ഷകൾ
(6) 20/06/2022 തീയതിയിൽ പ്രസിദ്ധീകരിച്ച ഇതേ നമ്പർ കരട് മുൻഗണനാ പട്ടിക
(7) കരട് മുൻഗണനാ പട്ടികയ്ക്ക് എതിരായി lrd.kerala.gov.in പോർട്ടലിൽ ലഭിച്ചിട്ടുള്ള ആക്ഷേപങ്ങൾ

ലാൻഡ് റവന്യൂ വകുപ്പിൽ പൊതുസ്ഥലം മാറ്റം നടപ്പിലാക്കുന്നതിന്, വായന (1), (2) എന്നിവ അടിസ്ഥാനമാക്കി പൊതു സ്ഥലം മാറ്റങ്ങൾക്കുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് വായന (3) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. മേൽ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം പൊതു സ്ഥലം മാറ്റത്തിനായി അപേക്ഷകൾ സമർപ്പിക്കുന്നതിന് ജീവനക്കാർക്ക് അവസരം നൽകിയിരുന്നു., അപേക്ഷാസമയത്തെ ടിയാന്റെ ലാവണം, സീനിയോരിറ്റി എന്നിവ ബന്ധപ്പെട്ട ഓഫീസ് മേധാവി പരിശോധിച്ച് ജില്ലാകലക്ടർമാർ മുഖേന പരാമർശം (5) പ്രകാരം സമർപ്പിക്കപ്പെട്ടിട്ടുള്ളതാണ്. ലഭ്യമായിട്ടുള്ള അപേക്ഷകൾ പരിഗണിച്ച് വായന (1), (2), (3) പ്രകാരമുള്ള ഉത്തരവുകളിലെ മാനദണ്ഡങ്ങൾക്കും നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമയി മുൻഗണന നിശ്ചയിച്ചും 30/04/2022 തീയതിവരെയുള്ള സർവ്വീസ് കാലയളവ് കണക്കാക്കിയുമാണ് പരാമർശം (7) പ്രകാരം കരട് മുൻഗണനാ പട്ടിക തയ്യാറാക്കിയിരുന്നത്. അനുകമ്പാർഹമായും പ്രഥമ പരിഗണനീയ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുമായി ജീവനക്കാർ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ കൂടുതൽ പരിശോധന നടത്തിയും ലഭ്യമായ ആക്ഷേപങ്ങൾ പരിശോധിച്ചും അർഹതയുടെ അടിസ്ഥാനത്തിൽ പട്ടികയിൽ മാറ്റം വരുത്തിയിട്ടുള്ളതാണ്.

പട്ടികയിലെ മുൻഗണനാക്രമം : കാറ്റഗറി 1 - പ്രസവാവധിയിൽ നിന്നും ജോലിയിൽ പ്രവേശിച്ച് ഒരു വർഷത്തിനകം അപേക്ഷ സമർപ്പിക്കുന്നവർ, കാറ്റഗറി 2 - ഒരു ഓഫീസ് നിർത്തലാക്കിയതുമൂലം സ്വന്തം ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് സ്ഥലം മാറ്റപ്പെട്ടവർക്ക് തിരികെ സ്ഥലം മാറ്റം ലഭിക്കുന്നതിന്, കാറ്റഗറി 3- ഒരു ദുർഘട സ്റ്റേഷനിൽ 2 വർഷം സേവനം പൂർത്തീകരിച്ചതിനുശേഷം സ്ഥലം മാറ്റത്തിനായി ആപേക്ഷിക്കുന്നവർ, കാറ്റഗറി 4 & 5 - ഒരു സ്റ്റേഷനിൽ 3 വർഷം പൂർത്തിയായവർ & സ്ഥാനക്കയറ്റത്തെത്തുടർന്ന് സ്വന്തം ജില്ലയിൽ നിന്നും / ഓപ്റ്റ് ചെയ്ത ജില്ലയിൽ നിന്നും സ്ഥലം മാറ്റപ്പെട്ടവർ സ്വന്തം ജില്ലയിലേയ്ക്ക് അപേക്ഷിക്കുന്നവർ / മറ്റുള്ളവർ, കാറ്റഗറി 6 - ഒരു ഓപ്ഷൻ പ്രകാരം സ്ഥലം മാറ്റം ലഭിച്ചവർ ഒരു വർഷത്തെ സേവനത്തിനു ശേഷം മറ്റൊരു സ്റ്റേഷനിലേയ്ക്ക് അപേക്ഷിക്കുമ്പോൾ എന്ന രീതിയിലാണ് മുൻഗണനാക്രമം നിശ്ചയിച്ചിരിക്കുന്നത്. കൂടാതെ ഓരോ കാറ്റഗറിയിലെയും സീനിയോരിറ്റി നിശ്ചയിച്ചിരിക്കുന്നത് കേഡർ സീനിയോരിറ്റി, പ്രൊമോഷൻ തീയതിയിലെ ക്രമ നമ്പർ, സ്വന്തം ജില്ല, സ്റ്റേഷൻ സീനിയോരിറ്റി, നിലവിലുള്ള സ്റ്റേഷനിൽ നിന്നുള്ള ദൂരം എന്നീ ക്രമത്തിലാണ്.

നിലവിൽ ജോലി ചെയ്യുന്ന സ്റ്റേഷൻ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു എന്ന് ധാരാളം ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ട്. ആയത് ജീവനക്കാരൻ ജോലി ചെയ്യുന്ന ഓഫീസ് മേധാവി ആണ് അപ്ഡേറ്റ് ചെയ്യേണ്ടത്. പ്രൊമോഷൻ തീയതി തെറ്റായി രേഖപ്പെടുത്തിയിരുന്ന ജീവനക്കാരുടെ പ്രസ്തുത തീയതി ആക്ഷേപം പരിഗണിച്ച് തിരുത്തിയിട്ടുള്ളതാണ്. സേവനത്തിൽ നിന്നും വിരമിക്കാൻ ഒരു വർഷം മാത്രമുള്ളവരുടെ ക്രമം ആദ്യം വിരമിക്കുന്ന ജീവനക്കാരന് മുൻഗണന എന്ന രീതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. വിവിധ ഓഫീസുകളിൽ നിന്നും അവധികൾ

എൻട്രി നടത്തിയതിൽ ധാരാളം പിശകുകൾ വന്നിട്ടുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുള്ളതാണ്. ആക്ഷേപം നൽകിയതിന്റെ അടിസ്ഥാനത്തിൽ ആയവ അപ്ഡേറ്റ് ചെയ്തിട്ടുള്ളതാണ്. കരട് മുൻഗണനാ പട്ടിക പ്രോസസ് ചെയ്തസമയത്ത് ചില ജീവനക്കാരുടെ സ്റ്റേഷനുകളിൽ ഉൾപ്പെടാതെ പോയത് സാങ്കേതിക തകരാറുമൂലമാണെന്ന് കണ്ടെത്തുകയും ആയത് പരിഹരിച്ചിട്ടുള്ളതുമാണ്. സ്റ്റേഷനുകൾ റദ്ദ് ചെയ്യുന്നതിനും അപേക്ഷകൾ റദ്ദു ചെയ്യുന്നതിനും ലഭിച്ചിട്ടുള്ള ആക്ഷേപങ്ങൾ പരിഗണിച്ച് ആയവ അപ്ഡേറ്റ് ചെയ്തിട്ടുള്ളതാണ്. എന്നാൽ സ്റ്റേഷനുകൾ കൂട്ടി ചേർക്കുന്നതിന് ലഭ്യമായിട്ടുള്ള ആക്ഷേപങ്ങൾ നിരസിച്ചിട്ടുള്ളതാണ്. സ്പെഷ്യൽ പ്രിവിലേജ് കാറ്റഗറിയുമായി ബന്ധപ്പെട്ട് ധാരാളം ആക്ഷേപങ്ങൾ ലഭിച്ചിട്ടുള്ളതാണ്. എന്നാൽ ഇത്തരം കാറ്റഗറികൾ ഓരോ കാറ്റഗറി പരിഗണിച്ചതിനു ശേഷം അടുത്ത കാറ്റഗറി പരിഗണിച്ച് ഒരു റൊട്ടേഷൻ പൂർത്തിയാക്കിയതിനുശേഷം മാത്രമാണ് വീണ്ടും തുടങ്ങുന്നത് അപ്പോഴേക്കും ഒരു കാറ്റഗറിയിൽ ഉൾപ്പെടുന്ന ജീവനക്കാരന് ജനറൽ കാറ്റഗറിയിൽ സ്ഥാനം ലഭിച്ചത് കൊണ്ടാണ് ഇത്തരക്കാരെ പൊതു വിഭാഗമായി ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഒരു കാറ്റഗറിയിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് മറ്റൊരു സ്റ്റേഷനിലേയ്ക്ക് സ്ഥലം മാറ്റം ലഭിച്ചാൽ അടുത്തതായി സീനിയറായ സ്പെഷ്യൽ പ്രിവിലേജ് ജീവനക്കാരെ അടുത്ത ഒഴിവിലേയ്ക്ക് പരിഗണിക്കുന്നതാണ്. ഈ രീതി തന്നെയാണ് അനുകമ്പാർഹമായ ജീവനക്കാരുടെ കാര്യത്തിലും സ്വീകരിക്കുന്നത്.

ഈ അന്തിമ മുൻഗണനാ പട്ടികയിലെ എല്ലാ വിവരങ്ങളും 30/04/2022 തീയതിവരെയുള്ള മുൻഗണനാക്രമമനുസരിച്ചാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ലിസ്റ്റ് പ്രകാരമുള്ള വിവരങ്ങൾ ബന്ധപ്പെട്ട ഓഫീസ് മേധാവികളും തുടർന്ന് ജില്ലാ കലക്ടർമാരും പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തിയിട്ടുള്ളതുമാണ്. അനുകമ്പാർഹമായ അപേക്ഷകളിൽ 7-മത്തെ കാറ്റഗറിയിൽ ബന്ധപ്പെട്ട ജില്ലാ കലക്ടർമാർ അഭിപ്രായം രേഖപ്പെടുത്തിയിട്ടില്ലാത്തവ പൊതു കാറ്റഗറിയായി പരിഗണിച്ചിട്ടുള്ളതാണ്.

മേൽ പറഞ്ഞ നിബന്ധനകളോടെ ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരുടെ പൊതു സ്ഥലം മാറ്റത്തിനായുള്ള അന്തിമ മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

| ക്രമ.നം | പേര്,പെൻ | അപേക്ഷ തീയതിയിലെ സ്റ്റേഷൻ | പ്രൊമോഷൻ തീയതി | സീനിയോരിറ്റി (ദിവസത്തിൽ) | പ്രൊമോഷൻ ഉത്തരവിലെ ക്രമ നമ്പർ | ഹോം ജില്ല | ജില്ലയിലെ സ്റ്റേഷൻ സീനിയോരിറ്റി & തീയതി | Aerial Distance From present Station | അപേക്ഷയ്ക്ക് പരിഗണിച്ചിരിക്കുന്ന മാനദണ്ഡം | ഓപ്ഷൻ ക്രമ നമ്പർ |
|---|---|---|---|---|---|---|---|---|---|---|
| **1.**തിരുവനന്തപുരം | | | | | | | | | | |
| 1 | ജിജിമോൾ ആർ (164924) | അമ്പലപ്പുഴ | 06-11-2021 | 175 | 389 | കൊല്ലം | (18-11-2021) | 95 | 5 | 2 |
| **2.**കൊല്ലം | | | | | | | | | | |
| 1 | രമ ഡി (491992) | തിരുവനന്തപുരം | 06-11-2021 | 175 | 2 | കൊല്ലം | (17-11-2021) | 95 | 5 | 1 |
| 2 | എസ്സ് രാജേഷ് (389672) | തൃശ്ശൂർ | 06-11-2021 | 175 | 10 | പത്തനംതിട്ട | (15-11-2021) | 95 | 5 | 3 |
| 3 | ജിജിമോൾ ആർ (164924) | അമ്പലപ്പുഴ | 06-11-2021 | 175 | 389 | കൊല്ലം | (18-11-2021) | 95 | 5 | 1 |
| **3.**കോഴഞ്ചേരി | | | | | | | | | | |
| 1 | ജ്യോതി റ്റി (527283) | തൃശ്ശൂർ | 06-11-2021 | 175 | 7 | ഇടുക്കി | (31-12-2021) | 112 | 5 | 4 |
| 2 | സുമോഹിനി പി എ (407333) | അമ്പലപ്പുഴ | 06-11-2021 | 175 | 9 | പത്തനംതിട്ട | (19-11-2021) | 104 | 5 | 2 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 3 | എസ്സ് രാജേഷ് (389672) | തൃശ്ശൂർ | 06-11-2021 | 175 | 10 | പത്തനംതിട്ട | (15-11-2021) | 104 | 5 | 1 |
| **4.**അമ്പലപ്പുഴ | | | | | | | | | | |
| 1 | ജ്യോതി റ്റി (527283) | തൃശ്ശൂർ | 06-11-2021 | 175 | 7 | ഇടുക്കി | (31-12-2021) | 112 | 5 | 3 |
| 2 | എസ്സ് രാജേഷ് (389672) | തൃശ്ശൂർ | 06-11-2021 | 175 | 10 | പത്തനംതിട്ട | (15-11-2021) | 104 | 5 | 2 |
| **5.**കോട്ടയം | | | | | | | | | | |
| 1 | ജ്യോതി റ്റി (527283) | തൃശ്ശൂർ | 06-11-2021 | 175 | 7 | ഇടുക്കി | (31-12-2021) | 112 | 5 | 2 |
| 2 | സുമോഹിനി പി എ (407333) | അമ്പലപ്പുഴ | 06-11-2021 | 175 | 9 | പത്തനംതിട്ട | (19-11-2021) | 104 | 5 | 1 |
| 3 | എസ്സ് രാജേഷ് (389672) | തൃശ്ശൂർ | 06-11-2021 | 175 | 10 | പത്തനംതിട്ട | (15-11-2021) | 104 | 5 | 4 |
| 4 | സുരേഷ് കുമാർ എം കെ (250080) | അമ്പലപ്പുഴ | 06-11-2021 | 175 | 393 | കോട്ടയം | (11-04-2022) | 104 | 5 | 2 |
| **6.**ഇടുക്കി | | | | | | | | | | |
| 1 | ജ്യോതി റ്റി (527283) | തൃശ്ശൂർ | 06-11-2021 | 175 | 7 | ഇടുക്കി | (31-12-2021) | 112 | 5 | 1 |
| **7.**കണയന്നൂർ | | | | | | | | | | |
| 1 | ജ്യോതി റ്റി (527283) | തൃശ്ശൂർ | 06-11-2021 | 175 | 7 | ഇടുക്കി | (31-12-2021) | 112 | 5 | 5 |
| 2 | സുരേഷ് കുമാർ എം കെ (250080) | അമ്പലപ്പുഴ | 06-11-2021 | 175 | 393 | കോട്ടയം | (11-04-2022) | 104 | 5 | 1 |
| **8.**തൃശ്ശൂർ | | | | | | | | | | |
| 1 | നിർമ്മലാദേവി ഇ ആർ (485960) | കൊല്ലം | 02-02-2021 | 452 | 2 | പാലക്കാട് | (22-02-2021) | 52 | 5 | 1 |
| **9.**പാലക്കാട് | | | | | | | | | | |
| 1 | നിർമ്മലാദേവി ഇ ആർ (485960) | കൊല്ലം | 02-02-2021 | 452 | 2 | പാലക്കാട് | (22-02-2021) | 52 | 5 | 2 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| **10.ഏറനാട്** | | | | | | | | | | |
| 1 | ചന്ദ്രൻ എ . ഇ (107932) | വൈത്തിരി | 06-11-2021 | 157 | 4 | മലപ്പുറം | (15-11-2021) | 67 | 5 | 1 |
| **11.കോഴിക്കോട്** | | | | | | | | | | |
| 1 | ആമിന പി (158410) | തിരുവനന്തപുരം | 02-02-2021 | 452 | 1 | കാസർഗോഡ് | (26-02-2021) | 50 | 5 | 3 |
| **12.കണ്ണൂർ** | | | | | | | | | | |
| 1 | ആമിന പി (158410) | തിരുവനന്തപുരം | 02-02-2021 | 452 | 1 | കാസർഗോഡ് | (26-02-2021) | 50 | 5 | 1 |
| **13.കാസർഗോഡ്** | | | | | | | | | | |
| 1 | ആമിന പി (158410) | തിരുവനന്തപുരം | 02-02-2021 | 452 | 1 | കാസർഗോഡ് | (26-02-2021) | 49 | 5 | 2 |

ഓൺലൈനായി തയ്യാറാക്കിയിരിക്കുന്ന ഈ മുൻഗണനാ പട്ടിക ലാൻഡ് റവന്യൂ വകുപ്പിന്റെ പോർട്ടലായ lrd.kerala.gov.in യിലും, വെബ് സൈറ്റായ clr.kerala.gov.in ലും ലഭ്യമാണ്.

കമ്മീഷണർ

പകർപ്പ്

1. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്, തിരുവനന്തപുരം
2. എല്ലാ ജില്ലാ കലക്ടർമാർക്കും
3. സെക്രട്ടറി, ലാൻഡ് ബോർഡ്, തിരുവനന്തപുരം
4. ഡയറക്ടർ, ILDM, തിരുവനന്തപുരം
5. ഡയറക്ടർ, സർവ്വെ & ലാൻഡ് റിക്കാർഡ്സ്, തിരുവനന്തപുരം
6. ഡെപ്യൂട്ടി കലക്ടർ, വിജിലൻസ് (ഉത്തര, ദക്ഷിണ, മദ്ധ്യമേഖല)
7. അസിസ്റ്റന്റ് കമ്മീഷണർ (ആർ ഇ)
8. സൂപ്രണ്ട്, സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ
9. സ്റ്റേറ്റ് ഐടി സെൽ
10. കരുതൽ ഫയൽ

Print Draft